## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2710 14.12.2015-ൽ മറുപടിക്ക്

### മൂഴിയാൽ കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജോസ് തെറ്റയിൽ : | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | പാറക്കടവ് പഞ്ചായത്തിന്റെ ആവശ്യത്തിനായി സ്ഥാപിച്ച മൂഴിയാൽ പദ്ധതിയിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം സിയാൽ-ന് നൽകേണ്ടി വരുന്നതിനാൽ പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയുടെ ഉപയോഗം പാറക്കടവ് പഞ്ചായത്തുകാർക്ക് ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ? | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി മൂഴിയാലിൽ നിന്നും പുളിയനം ഉപരിതല സംഭരണിയിലേയ്ക്ക് തുടർച്ചയായി ശുദ്ധജല വിതരണം നടത്തുന്നതിന് ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് വേണ്ട 31.60 ലക്ഷം തുകയ്ക്ക് ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന മുറയ്ക്ക് പാറക്കടവിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ